ഉത്തരം

എൻ.ആർ.എച്ച്.എം.-ന്റെ നിയന്ത്രണത്തിൽ ആശുപത്രികൾ ഒന്നും പ്രവർത്തിക്കുന്നില്ല. അസറ്റ് മെയിന്റനൻസ് ഫണ്ടായ 10 കോടി രൂപ താഴെ പറയുന്ന ആശുപത്രികൾക്കു വേണ്ടി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് മുഖാന്തരം എൻ.ആർ.എച്ച്.എം.-ന് കൈമാറിയിട്ടുണ്ട്:

ജനറൽ ആശുപത്രി തിരുവനന്തപുരത്തിന്റെ നവീകരണത്തിനായി	5 കോടി
ജനറൽ ആശുപത്രി, തലശ്ശേരി	2 കോടി
ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം	1 കോടി
ജനറൽ ആശുപത്രി, എറണാകുളം	2 കോടി

വയനാട് - ശിശുക്കളുടെ മരണം

27 (716) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ആശുപത്രിയിൽ ചികിത്സ നൽകാതെ ഗർഭിണിയായ പട്ടികഗോത്രവർഗ്ഗ സ്ത്രീയെ തിരികെ അയച്ചതിനെ തുടർന്ന് മൂന്ന് ശിശുക്കൾ മരണപ്പെടാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കുറ്റക്കാർ ആരൊക്കെയെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്നും അറിയിക്കുമോ;

(സി) പര്യാപ്തമായ ചികിത്സാ സംവിധാനം ജില്ലാ ആശുപത്രിയിലും മറ്റു ആശുപത്രികളിലും ഒരുക്കിയിരുന്നോ ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രികളില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനായി ഇതുവരെ ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആയിരുന്ന ഡോ. ആർ. എൽ. സരിത അന്വേഷണം നടത്തിയിരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) മാനന്തവാടി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ഡോ. സുഷമ സി. കെ., അസിസ്റ്റന്റ് സർജൻ, ഡോ. അഖിൽ. ആർ. നമ്പ്യാർ, സ്റ്റാഫ് നഴ്സ് ഗ്രേഡ് - I ശ്രീമതി കെ. കെ. ശോഭന എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയുണ്ടായി. ഡോ. സുഷമ, സി. കെ.-യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. ഡോ. അഖിൽ. ആർ. നമ്പ്യാർ, ശ്രീമതി കെ. കെ. ശോഭന എന്നിവർക്കും അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്.

(സി) ഗർഭിണികളെ ചികിത്സിപ്പിക്കുന്നതിനാവശ്യമായ സൗകര്യം ജില്ലാ ആശുപത്രിയിൽ ലഭ്യമാണ്. നിലവിൽ ജില്ലാ ആശുപത്രിയിൽ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. ഇവിടെ രണ്ട് വീതം ഗൈനക്കോളജിസ്റ്റിന്റെയും അനസ്തെറ്റിസ്റ്റിന്റെയും സേവനം ലഭ്യമാണ്. സിസേറിയൻ ഉൾപ്പെടെ ശസ്ത്രക്രിയകൾ ഇവിടെ ചെയ്യുന്നുണ്ട്. പ്രസവവാർഡും നിലവിൽ ഉണ്ട്. എന്നാൽ എല്ലാത്തരം സങ്കീർണതകളും കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായ ചികിത്സാ സംവിധാനം (preterm low birth weight ICU system) ജില്ലാ ആശുപത്രിയിൽ ലഭ്യമല്ല.

(ഡി) പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി വയനാട് ജില്ലയിൽ ബത്തേരി താലൂക്കിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണത്തിനായി 300 ലക്ഷം രൂപ അനുവദിക്കുകയും, നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. വഴി ചെയ്യുന്നതിനായി പ്രസ്തുത തുക എൻ.എച്ച്.എം.-ന് കൈമാറിയിരിക്കുകയുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly